ഫെയർ സ്റ്റേജ് പുനർ നിർണ്ണയത്തിലെ അപാകതകൾ

91 (1146) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജ് പുനർനിർണ്ണയം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി എന്ത് സംവിധാനം ആണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ബി) നിലവിലുള്ള ഫെയർസ്റ്റേജിലെ അപാകത പരിഹരിക്കുന്നതിനും മിനിമം ചാർജ്ജിന് അനുവദിച്ച മിനിമം ദൂരം സഞ്ചരിക്കുവാൻ അനുവാദം നൽകുന്നതിനും നടപടി എടുക്കുമോ ; ഫെയർ സ്റ്റേജിലെ അപാകത പരിഹരിക്കുവാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കൗണ്ടറുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ ഈ സംവിധാനം എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട് ; 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും ഈ വർഷം നവംബർ 30 വരെയും എത്ര പുതിയ ബസുകൾ കെ.എസ്.ആർ.ടി.സി. നിരത്തിൽ ഇറക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള റൂട്ടുകളുടെ ദൂരം അളവ് ഫെയർ സ്റ്റേജുകൾ പുനർനിർണ്ണയം ചെയ്യാൻ അതിന് അധികാരപ്പെട്ട ആർ.ടി.ഒ. കൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി 1554/99, 1646/99, 1647/99 എന്നീ റിട്ട് അപ്പീലുകളിൽ പുറപ്പെടുവിച്ച ഉത്തരവ് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) എല്ലാ റൂട്ടുകളും അളന്ന് ഫെയർ സ്റ്റേജുകൾ പുനർനിർണ്ണയം ചെയ്യുവാൻ എല്ലാ ആർ.ടി.ഒ. കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മിനിമം ചാർജിന് ശരാശരി 2.5 കി.മീറ്റർ യാത്ര ചെയ്യാവുന്നതാണ്. ഫെയർസ്റ്റേജ് അപാകത പരിഹരിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച പരാതികൾ ആർ.ടി.എ. മുമ്പാകെ ഉന്നയിക്കേണ്ടതും ആർ.ടി.എ. യുടെ ഉത്തരവുകൾ എസ്.ടി.എ.യിൽ ചോദ്യം ചെയ്യാവുന്നതുമാണ്.

(സി) എൻക്വയറി കൗണ്ടറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ പ്രധാന സ്റ്റേഷനുകളിലെല്ലാം എൻക്വയറി കൗണ്ടറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.1995-96-ൽ 478 ബസ്സുകളും, 1996-97-ൽ 361 ബസ്സുകളും, 1997-98-ൽ 317 ബസ്സുകളും പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്. 1999 നവംബർ 30 വരെ 176 ബസുകളാണ് നിരത്തിലിറക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly